മിസ്റ്റർ സി. എ. ഔസേപ്പ്—ഇതിനെ സംബന്ധിച്ച് ആരോടെ എഴുതി ചോദിച്ചു?

രാമവർമ്മതമ്പുരാൻ.—പ്രോട്ടക്ററരോടു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—മതിലിൽ ഒന്നും എഴുതി കാണുന്നില്ലെന്നുള്ള മറുപടി വന്നതു ഏതു് തിയ്യതിയിലാണു്.

രാമവർമ്മതമ്പുരാൻ.—ഇവിടെനിന്നും എഴുതി ചോദിച്ചതു് 12th ജൂണിലാണു്, മറുപടി വന്നതു് 19th ജൂണിലാണു്.

Persons reaiding in Depressed Classes Hostel.

122. മിസ്റ്റർ കെ. പി. വള്ളോൻ.—വി. യു. ഉണ്ണിപ്പിഷാരൻ വൈദ്യൻ, കെ. കെ. ജോസഫ്, ലേബർ ഇൻസ്പെക്ടർ, അധഃകൃത സംരക്ഷകൻ എന്നിവരുടെ താമസം അധഃകൃത ഹോസ്റ്റലിൽ ആക്കിയിരിക്കുന്നതിൽ ഗവർമ്മെണ്ടിനു വല്ല ആളായവുമുണ്ടോ; ഉണ്ടെങ്കിൽ എന്തു്; ടി ഹോസ്റ്റലിലെ അധഃകൃത വിദ്യാർത്ഥികൾക്കു് എത്ര പ്രാവശ്യം തീററി കൊടുക്കുന്നുണ്ടു്?

രാമവർമ്മതമ്പുരാൻ.—ഇവർ ഹോസ്റ്റലിൽ താമസമാക്കീട്ടില്ല. അധഃകൃത വിദ്യാർത്ഥികൾക്കു ദിവസത്തിൽ മൂന്നു പ്രാവശ്യം ഭക്ഷണം കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ മററുള്ള ആളുകൾ ഹോസ്റ്റലിൽ താമസമാക്കീട്ടില്ലെന്നു പറഞ്ഞിരിക്കുന്നതു പരമാർത്ഥമല്ല. ഞാൻ ഈയിടെ തൃശ്ശിവപേരൂക്കു പോയി ആ ഹോസ്റ്റലിനടുത്തു് ഒരു സ്ഥലത്തുതന്നെ മൂന്നുദിവസം താമസിച്ചിരുന്നു. അപ്പോൾ അവിടെ ഇതിൽ പറയുന്ന ഉണ്ണിപ്പിഷാരൻ വൈദ്യൻ, കെ. കെ. ജോസഫ് എന്നിവരും അവരുടെ കൂട്ടുകാരും അവിടെ താമസിക്കുന്നതായിട്ടാണു് കണ്ടതു്. അവിടെയുള്ള ചിലകുട്ടികളോടു ചോദിച്ചപ്പോൾ ഇവരെല്ലാം അവിടെ സ്ഥിരമായിട്ടു താമസിക്കുന്നുവെന്നാണു് അവർ പറഞ്ഞതു്.

മിസ്റ്റർ എം. കെ. രാമൻ.—ഇവർ ഹോസ്റ്റലിൽ താമസമാക്കീട്ടില്ല എന്നു പറഞ്ഞിരിക്കുന്നു. അപ്പോൾ ഇടക്കിടക്കു താമസിക്കാറുണ്ടെന്നാണോ?

രാമവർമ്മതമ്പുരാൻ.—സ്കൂൾ പൂട്ടിയിരിക്കുന്ന കാലത്തു് കുറച്ചു ദിവസം ഇങ്ങനെ താമസിച്ചിരുന്നതു സത്യമാണു്. ഇപ്പോൾ അവിടെനിന്നും ഹോസ്റ്റൽ മാറുകയും ചെയ്തു; ആരും അങ്ങിനെ താമസിക്കുന്നുമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഹോസ്റ്റൽ മാറുന്നതിനുമുമ്പു താമസിച്ചിരുന്നുവെന്നു് ഗവർമ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

രാമവർമ്മതമ്പുരാൻ.—അതു് സ്കൂൾ പൂട്ടിയിരുന്ന കാലത്താണു്.

മിസ്റ്റർ എം. കെ. രാമൻ.—ഹോസ്റ്റൽ മാറിയതിനശേഷം താമസിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly